

ഒബ്സ്റ്റട്രിക് ഫിസ്റ്റുല

പ്രസവത്തിന്റെ ഫലമായി ജനന കനാലിൽ ദ്വാരം ഉണ്ടാകുന്ന അവസ്ഥയാണ് ഒബ്സ്റ്റട്രിക് ഫിസ്റ്റുല. ഇത് യോനിക്കും മലാശയത്തിനും ഇടയിലോ മൂത്രനാളിയിലോ മൂത്രസഞ്ചിയിലോ ആകാം. മൂത്രമോ മലമോ പിടിച്ചുവെക്കാൻ കഴിയാത്ത അവസ്ഥയാണ് ഇതിന്റെ അനന്തരഫലമായി ഉണ്ടാകുക. ഇക്കാരണത്താൽ നാഡീക്ഷതവും ചലനശേഷി തകരാറും സംഭവിച്ചേക്കാം.

ഫാം സൂപ്പർവൈസർ നിയമനം

കോഴിക്കോട്: ജില്ലയിൽ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ (കേരള ചിക്കൻ) പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും കരാറിൽ ഫാം സൂപ്പർവൈസറെ നിയമിക്കും. യോഗ്യത: പൗൾട്രി പ്രൊഡക്ഷൻ ആൻഡ് ബിസിനസ് മാനേജ്മെന്റിൽ ബിരുദം അല്ലെങ്കിൽ പൗൾട്രി പ്രൊഡക്ഷനിൽ ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം, ഇരുചക്ര വാഹന ലൈസൻസ്. ഉയർന്ന പ്രായപരിധി: 2026 മേയ് ഒന്നിന് 30 വയസ് കവിയരുത്. അപേക്ഷാ ഫോം www.keralachicken.org.in വെബ്സൈറ്റിൽ ലഭിക്കും. മേയ് 29ന് വൈകീട്ട് അഞ്ച് വരെ ജില്ല കോഓഡിനേറ്റർ, കുടുംബശ്രീ, സിവിൽ സ്റ്റേഷൻ, കോഴിക്കോട് -673020 വിലാസത്തിൽ അപേക്ഷിക്കാം.

ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന സമ്മേളനത്തിന് തുടക്കം

കോഴിക്കോട്: ക്ഷേത്ര ഭരണം രാഷ്ട്രീയ മുക്തമാക്കുക എന്ന പ്രഖ്യാപനവുമായി ക്ഷേത്ര സംരക്ഷണ സമിതിയുടെ അറുപതാം സംസ്ഥാന സമ്മേളനത്തിന് തുടക്കമായി. സംസ്ഥാന നേതൃസമിതി യോഗത്തോടെയാണ് മൂന്നു ദിവസത്തെ സമ്മേളനം ആരംഭിച്ചത്. സമിതി രക്ഷാധികാരി എ.കെ.ബി. നായർ ഉദ്ഘാടനം ചെയ്തു. പ്രതിനിധി സമ്മേളനം ശനിയാഴ്ച സ്വാമി വിവേകാമൃതാനന്ദപുരി ഉദ്ഘാടനം ചെയ്യും. ഡോ. ടി.പി. സെൻകുമാർ, അഡ്വ. പി.എസ്. ശ്രീധരൻപിള്ള, സ്വാമി ഉദിത് ചൈതന്യ, ശങ്കു ടി ദാസ് എന്നിവർ വിവിധ ദിവസങ്ങളിൽ പങ്കെടുക്കും.

ആരോഗ്യ മന്ത്രി അറിയാൻ

വേണം കോഴിക്കോട് മെഡിക്കൽ കോളജിന് പുതിയ മുഖം

പി. ജസീല

കോഴിക്കോട്: തിരുവനന്തപുരത്ത് ഒരു മെഡിക്കൽ കോളജ് കൂടി സ്ഥാപിക്കുമെന്നാണ് ചുമതലയേറ്റതിനു പിന്നാലെ ആരോഗ്യമന്ത്രി കെ. മുരളീധരന്റെ പ്രഖ്യാപനം. മലബാറിന്റെ പ്രധാന ചികിത്സാ കേന്ദ്രമായ കോഴിക്കോട് മെഡിക്കൽ കോളജ് അസൗകര്യങ്ങളാൽ വീർപ്പുമുട്ടുന്ന കാര്യം കോഴിക്കോട്ടുകാരനായ ആരോഗ്യമന്ത്രിയെ പ്രത്യേകം അറിയിക്കേണ്ട കാര്യമില്ല. വയനാട്, കണ്ണൂർ, കാസർകോഡ്, പാലക്കാട് ജില്ലകളിൽ നിന്നുപോലും കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സ തേടി രോഗികൾ എത്തുന്നുണ്ട്. എന്നാൽ, സൗകര്യങ്ങൾക്കിടയിലും മെഡിക്കൽ കോളജ് പല പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നുണ്ട്.

❍ജീവനക്കാരുടെ ക്ഷാമം

രോഗികളുടെ ബാഹുല്യവും അതിനനുസരിച്ച് ജീവനക്കാർ ഇല്ലാത്തതുമാണ് മെഡിക്കൽ കോളജ് നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. പുതിയ ബ്ലോക്കുകൾ വന്നിട്ടും പഴയ വാർഡുകളിലെ തിരക്കിന് കുറവൊന്നുമില്ല. രോഗികൾക്ക് നിലത്ത് കിടക്കേണ്ട സാഹചര്യം പോലുമുണ്ടായിട്ടുണ്ട്. ഹൗസ് സർജൻമാരുടെ കാലാവധി കഴിയുമ്പോൾ ജീവനക്കാരില്ലാത്ത പ്രതിസന്ധി രൂക്ഷമാകുന്നു. ഉദ്ഘാടനം കഴിഞ്ഞെങ്കിലും പുതുതായി ആരംഭിച്ച സൂപ്പർ സ്പെഷാലിറ്റി ബ്ലോക്കിന്റെ പൂർണ രൂപത്തിലായിട്ടില്ല. ആവശ്യമായ ജീവനക്കാരില്ലാത്തതു തന്നെ കാരണം. കെട്ടിടത്തിന്റെ നിർമാണത്തിലെ അപാകതകളാണ് ഇവിടെ തീപിടിത്തത്തിന് കാരണമായതെന്നും ആരോപണമുയർന്നിരുന്നു. കെട്ടിടങ്ങളും ആധുനിക സംവിധാനങ്ങളും മെച്ചപ്പെടുമ്പോഴും അതിനനുസരിച്ച് സ്റ്റാഫ് പാറ്റേണിൽ മാറ്റംവരാത്തതിനാൽ ഡോക്ടർമാരും നഴ്സുമാരും ഇരട്ടി ജോലിഭാരം പേറേണ്ടിവരുന്നു.

മാസം തികയാതെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ ആരോഗ്യ പരിപാലനത്തിന് എല്ലാവിധ ആധുനിക ചികിത്സ സംവിധാനങ്ങളും മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ഉണ്ട്. എന്നാൽ, ആവശ്യമായ ജീവനക്കാരില്ലാത്തതാണ് പ്രധാന പ്രശ്നം. കുട്ടികളുടെ വിഭാഗത്തിലും ജീവനക്കാരുടെ പ്രതിസന്ധിയുണ്ട്. സ്പെഷൽ ന്യൂബോൺ കെയർ യൂനിറ്റിൽ ഒരു കുഞ്ഞിന് ഒരു നഴ്സ് എന്നാണ് കണക്ക്. നിലവിൽ ഇവിടെ മൂന്നു കുഞ്ഞുങ്ങൾക്ക് ഒരു നഴ്സ് ആണുള്ളത്. കൂടാതെ മഞ്ചേരിയിലെയും കണ്ണൂരിലെയും മെഡിക്കൽ കോളജുകളിൽ നിന്നു പോലും ഇവിടേക്ക് നവജാത ശിശുക്കളെ റഫർ ചെയ്യാറുണ്ട്.

❍മരുന്നുക്ഷാമം

മരുന്നുക്ഷാമമാണ് മറ്റൊന്ന്. വില കൂടിയ മരുന്നുകളൊന്നും മെഡിക്കൽ കോളജിലെ ഫാർമസിയിൽ കിട്ടാനില്ല. പലതും ഡോക്ടർമാർ പുറത്തേക്ക് എഴുതുകയാണ് പതിവ്. കുടിശ്ശിക തുക വർധിക്കുന്ന സാഹചര്യത്തിൽ മരുന്നു വിതരണ കമ്പനികൾ മരുന്നു വിതരണം നിർത്തിവെക്കുന്നതാണ് ഇതിന് കാരണം.

❍ഉപകരണങ്ങളുടെ ക്ഷാമം

മെഡിക്കൽ കോളജിൽ ഒരു സ്കാനിങ് മെഷീൻ മാത്രമാണുള്ളത്. ഇതും രോഗികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. സ്കാനിങ് റിപ്പോർട്ട് പെട്ടെന്ന് കിട്ടണമെങ്കിൽ സ്വകാര്യ സ്കാനിങ് സെന്ററുകളെ ആശ്രയിക്കുകയേ മാർഗമുള്ളൂ. ഇതും ആരോഗ്യ മന്ത്രിയുടെ ശ്രദ്ധ പതിയേണ്ട അടിയന്തരവിഷയമാണ്. കാർഡിയോളജി, ഇന്റർവെൻഷനൽ റേഡിയോളജി വിഭാഗങ്ങളിൽ സ്റ്റെന്റുകൾ, പേസ് മേക്കറുകൾ എന്നിവയുടെ കടുത്ത ക്ഷാമമുണ്ട്. ഹൃദ്രോഗ ശസ്ത്രക്രിയകൾക്കായി രോഗികൾ മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്ന സാഹചര്യവുമുണ്ട്.

വൃക്ക മാറ്റിവെക്കലിനുള്ള ശസ്ത്രക്രിയക്ക് കാത്തിരിക്കുന്ന രോഗികളും സമാന പ്രതിസന്ധി നേരിടുന്നു. രോഗികളുടെ കൂട്ടിരിപ്പുകാരും പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. ഉപകരണങ്ങൾ കേടു വരുമ്പോൾ അറ്റകുറ്റപ്പണികൾ നടത്താൻ സ്ഥിരം ടെക്നീഷ്യൻ മാരില്ല. പലപ്പോഴും കമ്പനി സ്റ്റാഫ് വരുന്നത് വരെ കാത്തിരിക്കണം.

❍അനിശ്ചിതത്വത്തിലായ വൈറോളജി ലാബ് നിർമാണം

2017ലാണ് കോഴിക്കോട് മെഡിക്കൽ കോളജിൽ വൈറോളജി ലാബ് സ്ഥാപിക്കുമെന്ന് അന്നത്തെ സർക്കാർ പ്രഖ്യാപിച്ചത്. നിപ കേസുകൾ ആവർത്തിച്ച സാഹചര്യത്തിലായിരുന്നു അത്. 2019ൽ ഐ.സി.എം.ആർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വൈറോളജി ലാബിന്റെ നിർമാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിരുന്നുവെങ്കിലും ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. നിപ കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഇപ്പോഴും പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെയാണ് ആശ്രയിക്കുന്നത്. രോഗനിർണയത്തിന് ഇത് കാലതാമസവും വരുത്തുന്നു. കരാറുകാരും കേന്ദ്ര പൊതുമരാമത്ത് വകുപ്പും തമ്മിലുള്ള തർക്കങ്ങളാണ് വൈറോളജി ലാബിന്റെ പ്രവർത്തനം മന്ദഗതിയിലാകാൻ കാരണം. ലാബിന്റെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ മെഡിക്കൽ കോളജിൽ എത്തിക്കുകയും ചെയ്തിരുന്നു.

പുതിയ കെട്ടിടങ്ങൾ വരുമ്പോഴും മെഡിക്കൽ കോളജിന്റെ മുഖമെന്ന് പറയുന്ന പഴയ കാഷാലിറ്റി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നവീകരണം നടന്നിട്ടില്ല.

ഏറ്റവും കൂടുതൽ ബസുകൾ സർവിസ് നടത്തുന്ന പ്രദേശമാണിത്. ഇവിടെ ബസ് സ്റ്റാൻഡ് വേണമെന്ന ആവശ്യവും ഇതുവരെ നടപ്പായിട്ടില്ല. ആശുപത്രിക്കുള്ളിൽ അക്ഷയ കേന്ദ്രം വേണമെന്നതും മറ്റൊരു ആവശ്യമാണ്. ആരോഗ്യ ഇൻഷുറൻസ് ക്ലെയിമിനായി രേഖകളുടെ പകർപ്പെടുക്കാൻ പുറത്തുള്ള അക്ഷയ സെന്ററുകളെയാണ് ആശ്രയിക്കുന്നത്.

വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം തേടി മുഖ്യമന്ത്രിക്ക് നിവേദനം

വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം തേടി സി.കെ. കാസിം എം.എൽ.എ മുഖ്യമന്ത്രി വി.ഡി സതീശന് നിവേദനം നൽകുന്നു

മുക്കം: രൂക്ഷമായ വന്യമൃഗശല്യം മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന ജില്ലയുടെ കിഴക്കൻ മലയോര മേഖലയിലെ തിരുവമ്പാടി മണ്ഡലത്തിലെ വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം തേടി തിരുവമ്പാടി എം.എൽ.എ സി.കെ. കാസിം മുഖ്യമന്ത്രി വി.ഡി. സതീശന് നിവേദനം നൽകി. സ്പീക്കർ തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെയായിരുന്നു തന്റെ പ്രധാന തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്ന വന്യമൃഗശല്യം പരിഹരിക്കാൻ നടപടിയാവശ്യപ്പെട്ട് നിവേദനം നൽകിയത്. മുഖ്യമന്ത്രിയുമായുള്ള ആദ്യ കൂടിക്കാഴ്ചയിൽ തന്നെ വിഷയം അവതരിപ്പിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും പ്രശ്ന പരിഹാരം മുഖ്യമന്ത്രി ഉറപ്പ് നൽകിയെന്നും സി.കെ. കാസിം പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് അടിയന്തര ഉന്നതതല യോഗം വിളിക്കുമെന്നും പ്രത്യേക പാക്കേജ് നടപ്പാക്കുമെന്നും മുഖ്യമന്ത്രി ഉറപ്പ് നൽകിയതായും സി.കെ. കാസിം പറഞ്ഞു. കാട്ടുമൃഗശല്യം മൂലം തിരുവമ്പാടി മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന് കുടുംബങ്ങളാണ് വീടും കൃഷിസ്ഥലവും ഉപേക്ഷിച്ച് കുടിയിറങ്ങിയത്. മറ്റ് വഴികളില്ലാത്തതിനാൽ മാത്രം ഇപ്പോഴും ജീവൻ പണയം വെച്ച് നിരവധി കുടുംബങ്ങൾ ഇവിടെ കഴിഞ്ഞ് വരുന്നുണ്ട്. ആദ്യം ചില തദ്ദേശ സ്ഥാപനങ്ങളിൽ മാത്രമായിരുന്നു ഇവയുടെ ശല്യമെങ്കിൽ ഇപ്പോൾ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ശല്യം അതി രൂക്ഷമാണ്. പകൽ സമയത്ത് പോലും ആളുകളെ ആക്രമിക്കുന്ന തരത്തിലേക്ക് ശല്യം വളർന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പ്രശ്നത്തിന് അടിയന്തര പരിഹാരം കാണണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയത്.

സമയക്രമത്തെച്ചൊല്ലി തർക്കം; നടുറോഡിൽ ബസ് പിറകോട്ടെടുത്ത് ബസിലിടിപ്പിച്ചു

കോഴിക്കോട്: സമയക്രമത്തെ ചൊല്ലിയുള്ള തർക്കത്തിനിടെ നടുറോഡിൽ സ്വകാര്യ ബസ് പിറകോട്ടെടുത്ത് മറ്റൊരു ബസിൽ ഇടിപ്പിച്ചു. കഴിഞ്ഞ ദിവസം മെഡിക്കൽ കോളജ് റൂട്ടിൽ കോട്ടൂളിയിലായിരുന്നു സ്വകാര്യ ബസിന്റെ അക്രമം. മുക്കം-കോഴിക്കോട് റൂട്ടിൽ സർവിസ് നടത്തുന്ന 'വടക്കേടൻ' എന്ന ബസിലെ ജീവനക്കാരും, സിറ്റിയിൽ സർവിസ് നടത്തുന്ന 'ഹസ്ബി' ബസിലെ ജീവനക്കാരും തമ്മിലാണ് തർക്കമുണ്ടായത്.

സംഭവത്തിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പുറത്തുവന്നു. സ്റ്റോപ്പിൽ നിർത്തി യാത്രക്കാരെ കയറ്റുകയായിരുന്ന ബസിന് തൊട്ടുമുന്നിൽ മാർഗ തടസ്സമുണ്ടാക്കി മറ്റൊരു ബസ് നിർത്തുന്നത് ദൃശ്യങ്ങളിലുണ്ട്. തുടർന്ന് ഈ ബസ് പിന്നോട്ടെടുത്ത് പിറകിലെ ബസിൽ ഇടിക്കുകയായിരുന്നു. ഉടൻ മുന്നോട്ടെടുത്ത് ഓടിച്ച് പോകുകയും ചെയ്തു.

രണ്ടു ബസുകളിലും നിറയെ യാത്രക്കാരുണ്ടായിരുന്നെങ്കിലും ആർക്കും പരിക്കില്ല. നഗരത്തിൽ ബസുകളുടെ മത്സരയോട്ടവും ബസ് ജീവനക്കാർ തമ്മിലെ സംഘർഷവും പതിവാണ്. ഇതിനിടെയാണ് യാത്രക്കാരുടെ ജീവൻ തന്നെ അപകടത്തിലാക്കുന്ന സംഭവമുണ്ടായിരിക്കുന്നത്.

ലോകപ്രശസ്ത സ്മാർട്ട്ഫോൺ ബ്രാൻഡായ ഓപ്പോയുടെ ഏറ്റവും പുതിയ പ്രീമിയം ഫ്ലാഗ്ഷിപ് സ്മാർട്ട്ഫോണായ ഓപ്പോ ഫൈൻഡ് എക്സ് 9 അൾട്ര, ഓപ്പോ ഫൈൻഡ് എക്സ് 9എസ് എന്നിവയുടെ ഓൾ ഇന്ത്യ ലോഞ്ച് സിനിമാതാരം ഹണി റോസ്, രതീഷ് കുട്ടത്ത് (അസിസ്റ്റന്റ് വൈസ് പ്രസിഡന്റ്, മൈജി), സിജോ ജെയിംസ് (അസിസ്റ്റന്റ് ജനറൽ മാനേജർ, ഡിജിറ്റൽ പ്രൊഡക്ട്സ്, മൈജി), രഞ്ജിത്ത് കെ.ബി (റീജിയണൽ ബിസിനസ് മാനേജർ, മൈജി), ഡ്യൂക്ക് (ഡെപ്യൂട്ടി ജനറൽ മാനേജർ, ഓപ്പോ ഇന്ത്യ), ധീരജ് പാൽ സിങ് ഭുള്ളർ (കീ അക്കൗണ്ട് മാനേജർ, ഓപ്പോ ഇന്ത്യ), ആന്റണി ടി.എസ് (സെയിൽസ് ഹെഡ് -എം.ടി, ഓപ്പോ കേരളം) എന്നിവർ ചേർന്ന് നിർവഹിക്കുന്നു

കെ-റെയിൽ പദ്ധതി സമ്പൂർണമായി പിൻവലിച്ച വി.ഡി. സതീശൻ സർക്കാറിന് അഭിവാദ്യമർപ്പിച്ച് കാട്ടിലപീടികയിൽ കെ-റെയിൽ ജനകീയ പ്രതിരോധ സമിതി പ്രവർത്തകർ മഞ്ഞക്കുറ്റിക്ക് റീത്ത് വെക്കുന്നു

കെ-റെയിലിന്റെ ശവമടക്കി... കാട്ടിൽപ്പീടികയിൽ ആഹ്ലാദ പ്രകടനം

കൊയിലാണ്ടി: ആറു വർഷമായി കെ-റെയിൽ സമരത്തിന്റെ ഈറ്റില്ലമായി മാറിയ ജില്ലയിലെ കാട്ടിൽ പീടികയിൽ വിജയോത്സവം നടന്നു. കെ-റെയിൽ സമര സമിതിയുടെ നിവേദനത്തെ തുടർന്ന് യു.ഡി.എഫ് സർക്കാർ കെ-റെയിൽ പദ്ധതിയുടെ വിജ്ഞാപനവും, ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനവും പിൻവലിച്ചതിന്റെ പശ്ചാതലത്തിലാണ് കെ-റെയിൽ വിരുദ്ധസമിതിയുടെ നേതൃത്വത്തിൽ സമരത്തിന്റെ വിജയം ആഘോഷമാക്കിയത്. കോയ റോഡ് മുതൽ വെങ്ങളം വരെയുള്ള സ്ത്രീകൾ ഉൾപ്പെടെയുള്ള നൂറുകണക്കിന് ആളുകൾ ആഘോഷ ജാഥയിലും തുടർന്നുള്ള പൊതുസമ്മേളനത്തിലും പങ്കെടുത്തു.

സമര സമിതി ജില്ല ചെയർമാൻ ടി.ടി. ഇസ്മായിൽ വിജയോത്സവം ഉദ്ഘാടനം ചെയ്തു. ഇത്തരം ദുരന്ത പദ്ധതികളുമായി ഏതുസർക്കാർ മുന്നോട്ട് വന്നാലും, കൊടിയുടെ നിറം നോക്കാതെ ജനങ്ങളുമായി സമര പാതയിൽ തന്നെ ഉണ്ടാകുമെന്ന് നേതാക്കൾ പറഞ്ഞു. വിജയ രാഘവൻ ചേലിയ, സത്യഗ്രഹ കമ്മിറ്റി ചെയർമാൻ നസിർ നുജെല്ല, ജില്ല കൺവീനർ പി.എം. ശ്രീകുമാർ, സമര സമിതി നേതാവ് മുസ്തഫ ഒലിവ്, ജനറൽ കൺവീനർ മൂസക്കോയ, സുനിൽ കീഴാരി എന്നിവർ സംസാരിച്ചു. സമര സമിതി വനിതാ നേതാവ് ശ്രീജ കണ്ടിയിൽ സ്വാഗതം പറഞ്ഞു.

മഞ്ഞകുറ്റി പിഴുതെടുത്തു സമരപന്തലിൽ കൊണ്ടുവന്ന് റീത്തുവെച്ചു. പ്രവർത്തകരായ ഫാറൂഖ് കമ്പായത്തിൽ, ബാബു ചെറുവത്ത്, ഷാലു തൊട്ടോളി, ഹുബൈബ് വെങ്ങളം, ലത്തീഫ് റയാൻ, സുനീഷ് കീഴാരി, പി.കെ. ഷിജു, വനിതാ ചെയർമാൻ റജീന സിദ്ദീഖ്, ഷീല തൊട്ടോളി എന്നിവർ നേതൃത്വം നൽകി. 1000 ദിവസം സത്യഗ്രഹത്തിൽ പങ്കെടുത്ത സമരസമിതി അംഗം ചോയിക്കുട്ടിയെ ആദരിച്ചു.

സ്കൂൾ പ്രവേശനോത്സവത്തിന് മിൽമ പേഡ ഡിസ്കൗണ്ട് നിരക്കിൽ

കോഴിക്കോട്: ജൂൺ ഒന്നിന് സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ച് വിദ്യാർഥികൾക്കായി മിൽമ പേഡ (10 ഗ്രാം) ഡിസ്കൗണ്ട് നിരക്കിൽ ലഭ്യമാക്കുന്നു.

ഓർഡർ അനുസരിച്ച് പേഡ സ്കൂളുകളിൽ നേരിട്ട് എത്തിച്ചു നൽകും.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: നടുവട്ടം -9995439209, പാലക്കാട് -7907440588, കണ്ണൂർ -9567922433, വയനാട് -9495016444, കാസർകോട് -7306536260, കോഴിക്കോട് -9846620462, മലപ്പുറം -9495206578.

milma®
കേരളം കണികണ്ടുണരുന്ന നന്മ

മീഡിയവൺ

06.00 ന്യൂസ് അപ്ഡേറ്റ്	03.30 ഫാസ്റ്റ് ന്യൂസ്
07.00 ന്യൂസ് മോർണിംഗ്	04.00 ഈവനിംഗ് എഡിഷൻ
07.30 ഫാസ്റ്റ് ന്യൂസ്	05.30 ഫാസ്റ്റ് ന്യൂസ്
08.00 ന്യൂസ് മോർണിംഗ്	06.00 വൺ ഫോർട്ടി ബാറ്റ്ൽ
10.00 സീറോ അവർ	06.30 ഈവനിംഗ് ന്യൂസ്
11.30 ഫാസ്റ്റ് ന്യൂസ്	07.00 ന്യൂസ് അപ്ഡേറ്റ്
12.00 സീറോ അവർ	08.00 സ്പെഷ്യൽ എഡിഷൻ
01.00 ഫസ്റ്റ് റൗണ്ട് അപ്പ്	09.00 ന്യൂസ് ഡീകോഡ്
01.30 ഫാസ്റ്റ് ന്യൂസ്	09.30 ഔട്ട് ഓഫ് ഫോകസ്
02.00 ന്യൂസ് അപ്ഡേറ്റ്	10.00 ഷാർപ് 10
02.30 മീഡിയ സ്കാൻ	10.30 വീക്കെൻഡ് അറേബിയ
03.00 ന്യൂസ് അപ്ഡേറ്റ്	11.00 മിഡ് ഈസ്റ്റ് അവർ

ഭരണാനുകൂലികളെ കാത്ത് അവസരങ്ങൾ

കലക്ടറേറ്റിൽ ഡ്രൈവർ മുതൽ ഡെപ്യൂട്ടി തഹസിൽദാർ വരെ മാറ്റം

എ. ബിജുനാഥ്

കോഴിക്കോട്: ഭരണമാറ്റത്തെത്തുടർന്ന് കലക്ടറേറ്റിലെ ഡ്രൈവർ തസ്തിക മുതൽ ജൂനിയർ സൂപ്രണ്ട് -ഡെപ്യൂട്ടി തഹസിൽദാർ തസ്തിക വരെ അടപടം സ്ഥലംമാറ്റം. കലക്ടറേറ്റിലെ ജില്ല ലാന്റ് റവന്യൂ എസ്റ്റാബ്ലിഷ്മെന്റ് കീഴിൽ വിവിധ ഓഫിസുകളിൽ ജോലി ചെയ്തുവരുന്ന ജൂനിയർ സൂപ്രണ്ട് -ഡെപ്യൂട്ടി തഹസിൽദാർ മുതൽ ഡ്രൈവർ തസ്തികവരെയുള്ള ജീവനക്കാരെ സ്ഥലം മാറ്റിയാണ് കലക്ടർ വെള്ളിയാഴ്ച ഉത്തരവിറക്കിയത്. ഭരണപരമായ സൗകര്യങ്ങൾക്കായാണ് നിയമനമെന്നാണ് ഉത്തരവിലുള്ളത്. പ്രതിപക്ഷ സംഘടനാ പ്രവർത്തനങ്ങളുടെ പേരിലും പ്രധാന തസ്തികളിൽ ഭരണാനുകൂല സംഘടനാ പ്രവർത്തകരെ നിലനിർത്തുന്നതിന്റെയും ഭാഗമാണ് പുതിയ നിയമനമെന്നാണ് ആരോപണം.

30 ജൂനിയർ സൂപ്രണ്ട്-ഡെപ്യൂട്ടി തഹസിൽദാർമാർക്കാണ് മാറ്റം. എട്ട് ഡ്രൈവർമാർക്കും അഞ്ച് സീനിയർ ക്ലർക്കുമാർക്കും സ്ഥലംമാറ്റമുണ്ട്. സീനിയർ ക്ലർക്കുമാർക്കുള്ള മാറ്റ നിയമനത്തിന്റെ വലിയ പട്ടിക തയാറായിക്കൊണ്ടിരിക്കുകയാണെന്നാണ് വിവരം.

ജില്ലയിലെ പ്രമുഖ എൻ.ജി.ഒ.യു നേതാവിനെ കോന്നി മെഡിക്കൽ കോളജിലേക്ക് സ്ഥാനക്കയറ്റം നൽകിയാണെങ്കിലും സ്ഥലം മാറ്റി. കഴിഞ്ഞ സർക്കാറിന്റെ കാലത്ത് എതിർസംഘടനാ നേതാക്കളെ പ്രതികാര നടപടികളുടെ ഭാഗമായി സമ്മർദം ചെലുത്തി വിദൂരത്തേക്ക് മാറ്റിച്ചെന്ന ആരോപണത്തിനുള്ള പ്രതികാരമാണിതെന്നാണ് അണിയറ സംസാരം. പുതിയ മെഡിക്കൽ കോളജുകൾ സ്ഥാപിച്ചപ്പോൾ പരിചയ സമ്പന്നരെ വേണമെന്ന കാരണം പറഞ്ഞാണ് എൻ.ജി.ഒ.എ, കെ.എൻ.ജി.ഒ.എ പ്രവർത്തകരെയും നേതാക്കളെയും അന്ന് മാറ്റിച്ചത്. സ്ഥലം മാറ്റത്തിനു പിന്നിൽ ഇപ്പോൾ കോന്നിയിലേക്ക് മാറ്റിയ നേതാവിന് പങ്കുണ്ടെന്ന വിലയിരുത്തലും ഉണ്ടായിരുന്നു. ജില്ലയിലെ ഒരുവിധം എൻ.ജി.ഒ.യു, കെ.എൻ.ജി.ഒ.യു നേതാക്കൾക്കെല്ലാം സ്ഥാനചലനമുണ്ട്. ഇനിയും മാറ്റം ഉണ്ടാകും.

കോഴിക്കോട് വേദി ഓഡിറ്റോറിയത്തിൽ നടന്ന ബച്ചു ചെറുവാടിയുടെ 'സൈലന്റ് സോൾസ്' ഡോക്യുമെന്ററി സിനിമയുടെ പ്രകാശന ചടങ്ങ് എം.എൻ. കാരശ്ശേരി ഉദ്ഘാടനം ചെയ്യുന്നു

തിളങ്ങുന്ന ഇന്ത്യയല്ല; ആശയറ്റ ഈ മനുഷ്യരാണ് യാഥാർഥ്യമെന്ന് 'സൈലന്റ് സോൾസ്'

കോഴിക്കോട്: അണിയിച്ചൊരുക്കിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാത്രമല്ല, കിടപ്പാടമില്ലാതെ ആശ്രയമറ്റ് ജീവിക്കുന്ന ഒരുപറ്റം മനുഷ്യരുടെ ഇടംകൂടിയാണ് ഇന്ത്യയെന്ന് അടയാളപ്പെടുത്തുന്ന മാധ്യമ പ്രവർത്തകൻ ബച്ചു ചെറുവാടിയുടെ 'സൈലന്റ് സോൾസ്' ഡോക്യുമെന്ററി ഫിലിം പ്രകാശനം ചെയ്തു. അസം, ബിഹാർ, ഝാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗ്രാമീണരുടെ ജീവിതമാണ് ഡോക്യുമെന്ററിയിൽ വിവരിക്കുന്നത്. അസമിൽ പൗരത്വ ഭേദഗതി നിയമം മൂലവും ബിഹാറിലും ഝാർഖണ്ഡിലും അടിസ്ഥാന സൗകര്യങ്ങളുമില്ലാതെ തെരുവിൽ ദയനീയ സാഹചര്യത്തിൽ ജീവിക്കേണ്ടി വരുന്ന നിസ്സഹായരായ മനുഷ്യരെയാണ് 'സൈലന്റ് സോൾസിൽ' കാണാനാവുക. ദുരിതങ്ങളുടെ പൊടിപിടിച്ച് കരിപുരണ്ട ഈ ഗ്രാമീണരുടെ ദുരിതം എന്നാണ് അവസാനിക്കുക എന്ന് ചോദിച്ചാണ് ഡോക്യുമെന്ററി അവസാനിക്കുന്നത്.

ഇന്ത്യയുടെ യഥാർഥ മുഖമാണ് ഡോക്യുമെന്ററി വിവരിക്കുന്നതെന്നും വിഭജനത്തിന്റെ ക്രൂരമായ മുഖമാണ് ഈ സംസ്ഥാനങ്ങളിലെ ജനത അനുഭവിക്കുന്നതെന്നും 'സൈലന്റ് സോൾസി'ന്റെ പ്രകാശനം നിർവഹിച്ച എഴുത്തുകാരൻ എം.എൻ. കാരശ്ശേരി അഭിപ്രായപ്പെട്ടു. സാക്ഷരതയും മതേതര ജനാധിപത്യവുമാണ് കേരളത്തെ ഈ അവസ്ഥകളിൽ നിന്ന് സംരക്ഷിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഒറീസയിൽ ആംബുലൻസ് കിട്ടാത്തതുമൂലം ആശുപത്രിയിൽ നിന്ന് ഭാര്യയുടെ മൃതദേഹം ചുമന്ന് നടന്ന മനുഷ്യന്റെ ചിത്രമാണ് തന്നെ ഇത്തരത്തിലൊരു ഡോക്യുമെന്ററിയെടുക്കാൻ പ്രേരിപ്പിച്ചതെന്ന് ബച്ചു ചെറുവാടി പറഞ്ഞു. വേദി ഓഡിറ്റോറിയത്തിൽ നടന്ന ഡോക്യുമെന്ററി പ്രകാശന ചടങ്ങിൽ മാധ്യമ പ്രവർത്തകൻ കമാൽ വരദൂർ അധ്യക്ഷതവഹിച്ചു. കെ.എം. നരേന്ദ്രൻ, കെ.ടി. കുഞ്ഞിക്കണ്ണൻ, ഡോ. കെ. മൊയ്തു. അഡ്വ. പി.എം. ആതിര എന്നിവർ സംസാരിച്ചു.

അപേക്ഷാ തീയതി നീട്ടി

കോഴിക്കോട്: പട്ടികജാതി വികസന വകുപ്പിന് കീഴിൽ കോഴിക്കോട് ഈസ്റ്റ്ഹില്ലിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ നടത്തുന്ന ആറുമാസത്തെ സൗജന്യ മത്സര പരീക്ഷാ പരിശീലന ക്ലാസിന് അപേക്ഷിക്കാനുള്ള അവസാന തീയതി ജൂൺ ആറുവരെ നീട്ടി. - 0495 2381624.

KERALA FOREST DEVELOPMENT CORPORATION LTD.
MANANTHAVADY DIVISION Ph:8289821600
DMW/FER&CHE/2026-27 20/05/2026

ടെൻഡർ നോട്ടീസ്

കേരള വന വികസന കോർപ്പറേഷൻ, മാനന്തവാടി ഡിവിഷൻ, കമ്പമല തേയില തോട്ടത്തിലേക്ക് വളങ്ങൾ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ / ഏജൻസികളിൽ നിന്നും ടെൻഡർ ക്ഷണിക്കുന്നു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതി 28/05/2026 വൈകുന്നേരം 5 മണി. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 8289821600,9745389956,
www.kfdc.kerala.gov.in
DIVISIONAL MANAGER,MTDY

കനറാ ബാങ്ക് केनरा बैंक Canara Bank

കനറാ ബാങ്ക്, സ്പെഷ്യലൈസ്ഡ് എ. ആർ. എം. ശാഖ, കോഴിക്കോട്,
നാഷണൽ ആശുപത്രിക്ക് എതിർവശം, ഫൗര ബിൽഡിംഗ്,
രുചി ഭവന് സമീപം, മാവൂർ റോഡ്, കോഴിക്കോട് - 673001
Email:cb7594@canarabank.com, Ph: 9188406941

കൈവശ നോട്ടീസ് [സെക്ഷൻ 13(4)] (സ്ഥാവര വസ്തുക്കൾക്ക്)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസററ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിററി ഇന്ററസ്ററ് ആക്ട് 2002 (Act 54 of 2002) സെക്ഷൻ 13 (12) പ്രകാരം അധികാരം കിട്ടിയിട്ടുള്ള കനറാ ബാങ്കിന്റെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 റൂൾ 3 പ്രകാരം, വായ്പക്കാർ/ജാമ്യക്കാർ/വസ്തു ഉടമകളായ (1) **ശ്രീ. പ്രമോദ് കുമാർ എ എം,** S/o ചേക്കൂട്ടി, (2) **ശ്രീമതി ലിമിയ എം,** W/o പ്രമോദ്കുമാർ, ഇരുവരും താമസം: അമ്പായപ്പുറത്ത് മീത്തൽ, കണ്ടന്നൂർ, ചേളന്നൂർ പി.ഒ, കോഴിക്കോട് - 673616, കൂടാതെ: വൈശ്രവണ, ആറങ്ങാട്ട്, പാലത്ത് പി.ഒ, ചേളന്നൂർ, കോഴിക്കോട് - 673611 എന്നിവർക്ക് കുടിശ്ശിക തുകയായ **രൂപ** 24,21,776/- (**ഇരുപത്തി നാല് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എഴുന്നൂറ്റി എഴുപത്തി ആറ് രൂപ**) 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് 27-10-2025 ന് ഡിമാന്റ് നോട്ടീസ് അയച്ചിരുന്നു.
വായ്പക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ആക്ടിലെ റൂൾ 8 & 9 സെക്ഷൻ 13 (4) പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ഇന്നേ ദിവസം **2026 മെയ് 21**ന് കൈവശമെടുത്തിരിക്കുന്നതായി വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
ഈ വസ്തുക്കളിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുക്കളിലുള്ള ഏതൊരു ഇടപാടും കനറാ ബാങ്കിന് കിട്ടാനുള്ള 21-05-2026 ലെ കുടിശ്ശിക തുകയായ **രൂപ** 26,68,032.32 (**ഇരുപത്തി ആറ് ലക്ഷത്തി അറുപത്തി എട്ടായിരത്തി മുപ്പത്തി രണ്ട് രൂപ മുപ്പത്തി രണ്ട് പൈസ**) യ്ക്കും പലിശയ്ക്കും വിധേയമായിരിക്കും.
13(8)-ാം വകുപ്പ് അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മുഴുവൻ ബാധ്യതയും തീർത്ത് പണയവസ്തു കടക്കാർക്ക് വിടുതൽ ചെയ്ത് എടുക്കാവുന്നതാകുന്നു.

സ്ഥാവര വസ്തുവിന്റെ വിശദവിവരങ്ങൾ

കോഴിക്കോട് താലൂക്കിൽ, ചേളന്നൂർ വില്ലേജിൽ, പാലത്ത് ദേശം, ശ്രീ. പ്രമോദ്കുമാർ എ.എം പേരിലുള്ള സർവ്വെ നം. 47/89 ൽ പെട്ട 2.03 ആർസ് വസ്തുവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **ആധാര പ്രകാരം അതിരുകൾ: കിഴക്ക്:** 3.35 മീറ്റർ വീതിയുള്ള സ്വകാര്യ റോഡ്; **വടക്ക്:** വിജയകുമാർ കൊപ്പറ്റ കൈവശ സ്ഥലം; **പടിഞ്ഞാറ്:** തന്നിൽ ശേഷം സ്ഥലം, ദീപ കൈവശം; **തെക്ക്:** 2.8 മീറ്റർ വീതിയിൽ സ്വകാര്യ റോഡ്.
സ്ഥലം: കോഴിക്കോട്, തീയതി: 21-05-2026
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കനറാ ബാങ്ക്

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശദാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര് /അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക (ലക്ഷം)
1	ശാഖ: ARMB കോഴിക്കോട് (1) **ശ്രീ. റനീഷ് കുഞ്ഞിപറമ്പത്ത്,** (വായ്പക്കാരൻ), S/o പവിത്രൻ, (2) **ശ്രീമതി. ശ്രീജ.കെ.പി,** W/o പവിത്രൻ, ഇരുവരും താമസം: ഹൗസ് നമ്പർ.10/146, വേറ്റുമ്മൽ ടൗൺ, മുള്ളൻകുന്ന് റോഡ്, ദിൽക്കോസ് ഫ്ളോർ മില്ലിന് സമീപം, തൂണേരി, വടകര, പിൻ - 673505 (സഹ വായ്പക്കാരി)	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, തൂണേരി വില്ലേജിൽ, മുടവന്തേരി ദേശത്ത്, തൂണേരി അംശത്ത്, റീ.സർവ്വേ നം. 144/8ൽ പെട്ട ശ്രീമതി ശ്രീജ കെ.പി.യുടെ ഉടമസ്ഥതയിലുള്ള 23.74 സെന്റ് (9.612 ആർസ്) സ്ഥലവും അതിലിരിപ്പ് പണി പൂർത്തിയാകാത്ത കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ചീക്കിലോട്ട് പറമ്പും രാമകൃഷ്ണൻ കൈവശവും; **തെക്ക്:** രവീന്ദ്രൻ, രാമകൃഷ്ണൻ ഇവർ കൈവശം സ്ഥലം; **പടിഞ്ഞാറ്:** രമേശൻ കൈവശം സ്ഥലം; **വടക്ക്:** ചീക്കിലോട്ട് മീത്തൽ പറമ്പ്	(എ) **28.09.2018** (ബി) 30-04-2026 ലെ രൂപ **50,66,935.13** യും 01-05-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **27.02.2019** (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ **19.59** (ബി) രൂപ **1.959** (സി) രൂപ **0.10**
2	ശാഖ: ARMB കോഴിക്കോട് **ശ്രീ. സുനിൽകുമാർ വി എൻ കെ,** വണ്ണാരത്ത് ഹൗസ്, പുറമേരി പി.ഒ, കക്കാട്ടിൽ വഴി, വടകര, കോഴിക്കോട് - 673503, **ശ്രീമതി. രാധ ഒ.പി,** M/o സുനിൽകുമാർ വി എൻ കെ, വണ്ണാരത്ത് ഹൗസ്, പുറമേരി പി.ഒ, കക്കാട്ടിൽ വഴി, വടകര, കോഴിക്കോട് - 673503, **സിന്ധു വി എൻ കെ,** കുളങ്ങരത്ത് ഹൗസ്, വി.ഒ. റോഡ്, വടകര, കോഴിക്കോട് - 673101, **ശ്രീമതി. സുചിത്ര വി എൻ കെ,** W/o ശ്രീ. സുരേഷ്കുമാർ.ടി, തറമ്മൽ ഹൗസ് തിനൂർ പി.ഒ, കക്കാട്ടിൽ (വഴി), വടകര, കോഴിക്കോട് - 673507, **ശ്രീ. സുരേഷ്കുമാർ.ടി,** തറമ്മൽ ഹൗസ് തിനൂർ പി.ഒ, കക്കാട്ടിൽ (വഴി), വടകര, കോഴിക്കോട് - 673507	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, പുറമേരി വില്ലേജിൽ, പുറമേരി അംശം & ദേശത്ത് റീ. സർവ്വേ നം. 7/19ൽ പെട്ട ശ്രീ. സുനിൽകുമാർ വി.എൻ.കെ, ശ്രീമതി. രാധ ഒ.പി, സുചിത്ര വി.എൻ.കെ. & ശ്രീമതി. സിന്ധു വി.എൻ.കെ. എന്നിവരുടെ പേരിലുള്ള 10.75 **സെന്റ്** (4.353 ആർസ്) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** തന്നിൽ ശേഷം ഭാഗകരാറിലെ ജി പട്ടികയിലെ 3 താക്ക്, **തെക്ക്:** തന്നിൽ ശേഷം എ പട്ടികയിലെ സ്ഥലം, **പടിഞ്ഞാറ്:** കിഴക്കെ തോട്ടോളി പറമ്പ്, **വടക്ക്:** തന്നിൽ ശേഷം ഭാഗകരാറിലെ ഡി പട്ടികയിലെ സ്ഥലം.	(എ) **07-05-2024** (ബി) 30-04-2026 ലെ രൂപ **32,26,693.01** യും 01-05-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **26.09.2024** (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ **27.20** (ബി) രൂപ **2.72** (സി) രൂപ **0.10**
3	ശാഖ: ARMB കോഴിക്കോട് (1) **ശ്രീ. സുഷ്ബിൻദാസ് യു ബി,** പ്രൊപ്രൈറ്റർ : മംഗല്യ ഡിസ്ട്രിബ്യൂട്ടേഴ്സ്, 2/168, കോട്ടൂർ പഞ്ചായത്ത്, നരയംകുളം, മൂലാട്, നടുവണ്ണൂർ വഴി, കൊയിലാണ്ടി, പിൻ - 673614, മറ്റൊരു വിലാസം: എടോത്ത് കണ്ടി, കായണ്ണ ബസാർ, പേരാമ്പ്ര, കായണ്ണ, കോഴിക്കോട് - 673525 (2) **ശ്രീ. ബാലൻ നായർ** (3) **ശ്രീമതി. ഉഷ എ കെ,** എല്ലാവരും താമസം : എടോത്ത് കണ്ടി, കായണ്ണ ബസാർ, പേരാമ്പ്ര, കായണ്ണ, കോഴിക്കോട് - 673525	കോഴിക്കോട് ജില്ലയിൽ, കൊയിലാണ്ടി താലൂക്കിൽ, കായണ്ണ വില്ലേജിൽ, കായണ്ണ ദേശം, ശ്രീ. ബാലൻ നായരുടെ പേരിലുള്ള സർവ്വേ നം. 114/1, റീ സർവേ നം. 114/3 ൽപ്പെട്ട 21.00 സെന്റ് (8.40 ആർസ്) & സർവ്വേ നം. 114/1, റീ സർവേ നം. 114/3 ൽപ്പെട്ട 8 ആർസ് (20 സെന്റ്) & ശ്രീമതി ഉഷയുടെ പേരിലുള്ള സർവ്വേ നം. 114/1, റീ സർവേ നം. 114/3 ൽപ്പെട്ട 6.98 ആർസ് (17.25 സെന്റ്) സ്ഥലവും അവകാശങ്ങളും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: 21 സെന്റ് (8.4 ആർസ്): വടക്ക്:** പറച്ചാൽ പറമ്പും എരമ്പട്ടമൽ പറമ്പും; **തെക്ക്:** മോഹനൻ കൈവശമുള്ള സ്ഥലം; **കിഴക്ക്:** കരാരിലെ രണ്ടാം നമ്പർ നിങ്ങൾ തീറു വാങ്ങിയ സ്ഥലം; **പടിഞ്ഞാറ്:** എരമ്പട്ടമൽ പറമ്പും. **20 സെന്റ് (8 ആർസ്): വടക്ക്:** പാറച്ചാലു പറമ്പ്; **തെക്ക്:** മോഹനൻ കൈവശമുള്ള സ്ഥലം; **കിഴക്ക്:** കരാറിലെ 3,4,5 നമ്പറുകൾ; **പടിഞ്ഞാറ്:** കരാറിലെ ഒന്നാം നമ്പർ സ്ഥലം. **17. 25 സെന്റ് (6.98 ആർസ്) : വടക്ക്:** ഇതിലെ നാലാം നമ്പർ; **തെക്ക്:** മോഹനൻ കൈവശമുള്ള സ്ഥലം; **കിഴക്ക്:** തന്നിൽ ശേഷം ഗോപാലൻ നമ്പ്യാർ കൈവശം, **പടിഞ്ഞാറ്:** ഇതിലെ രണ്ടാം നമ്പർ.	(എ) **20.02.2025** (ബി) 30-04-2026 ലെ രൂപ **76,60,027.18** യും 01-05-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **01-07-2025** (ഡി) പ്രത്യക്ഷ കൈവശം	(എ) രൂപ **48.00** (ബി) രൂപ **4.8** (സി) രൂപ **0.10**
4	ശാഖ: ARMB കോഴിക്കോട് (1) **ശ്രീ. ബിനീഷ് പള്ളിക്ക് താഴത്ത്** കുഞ്ഞിതെയ്യുള്ളതിൽ വീട്, കോതോട് മൊയിലോത്തറ പി.ഒ, കോഴിക്കോട് - 673513 (2) **ശ്രീമതി. ബിജി കെ. ടി,** കുഞ്ഞിതെയ്യുള്ളതിൽ വീട് കോതോട്, മൊയിലോത്തറ പി.ഒ, കോഴിക്കോട് - 673513	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, തിനൂർ ദേശത്ത്, നരിപ്പറ്റ വില്ലേജിൽ, റീ. സർവ്വേ നം. 54 ൽ പെട്ട ശ്രീ.ബിനീഷ് പള്ളിക്ക് താഴത്ത് & ശ്രീമതി.ബിജി കെ.ടി എന്നിവരുടെ പേരിലുള്ള 4.05 ആർസ് (10 സെന്റ്) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** തന്നിൽ ശേഷം, **തെക്ക്:** തന്നിൽ ശേഷവും സ്വകാര്യ റോഡും, **പടിഞ്ഞാറ്:** മാവുള്ള പറമ്പത്ത് ജയേഷ് കൈവശം സ്ഥലം, **വടക്ക്:** അനന്തൻ കൈവശം സ്ഥലം.	(എ) **07.06.2024** (ബി) 30-04-2026 ലെ രൂപ **25,51,212.68** യും 01-05-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **17.09.2024** (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ **31.10** (ബി) രൂപ **3.11** (സി) രൂപ **0.10**
5	ശാഖ: ARMB കോഴിക്കോട് **M/s അലേന കൺസ്ട്രക്ഷൻ & ഇന്റീരിയർ** പ്രൊപ്രൈട്രിക്സ്: ശ്രീമതി.സരസ്വതി, ഡോർ നം.14/191, മുല്ലപ്പള്ളി ഹൗസ്, കച്ചേരിക്കുന്ന്, മാവൂർ പി.ഒ - 673661 **ശ്രീമതി. സരസ്വതി. എൻ,** (ജാമ്യക്കാരി), **ശ്രീ. അമിത് നായർ** (ജാമ്യക്കാരൻ), S/o രാമകൃഷ്ണൻ നായർ, **ശ്രീമതി. അശ്വതി നായർ** (ജാമ്യക്കാരി), എല്ലാവരും താമസം: 14/191, മുല്ലപ്പള്ളി ഹൗസ്, കച്ചേരിക്കുന്ന്, മാവൂർ പി.ഒ - 673661	കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്കിൽ, അവിടനല്ലൂർ വില്ലേജിൽ, അവിടനല്ലൂർ അംശത്തിൽ, വാകയാട് ദേശത്തിൽ, റീ സർവ്വേ നം. 136/3- ൽ പെട്ട ശ്രീ.അമിത് നായരുടെ ഉടമസ്ഥതയിലുള്ള 8 സെന്റ് (3.24 ആർസ്) സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** മുമ്പ് തീറു വിറ്റ സ്ഥലം ; **തെക്ക്:** മണ്ണ് നിരത്ത് 3 മീറ്റർ വീതിയിൽ മാത്രം; **കിഴക്ക്:** തന്നിൽശേഷം നാരായണൻ കൈവശം; **പടിഞ്ഞാറ്:** അമ്മദ്കുട്ടി കൈവശം	(എ) **10-03-2020** (പ്രസിദ്ധീകരിച്ച തീയതി: **10-06-2022**) (ബി) 30-04-2026 ലെ രൂപ **50,78,804.46** യും 01-05-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **02-09-2022** (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ **5.40** (ബി) രൂപ **0.54** (സി) രൂപ **0.10**

സെക്യൂർഡ് ക്രഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ - ലേല തീയതിയും സമയവും: **08-06-2026** ന് രാവിലെ **11.00** മണി മുതൽ വൈകിട്ട് **5.00** മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: **07-06-2026**

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി **06-06-2026**

ഇ - ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപ്പന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപ്പന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ - ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **08-06-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും** ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: **21-05-2026**,
സ്ഥലം: കോഴിക്കോട്
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്,
സെക്യൂർഡ് ക്രെഡിറ്റർ